**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2945** **18-03-2022 - ൽ മറുപടിയ്ക്ക്**

**ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | null<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്ത് ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പുനരുദ്ധീകരിച്ച ജലസ്രോതസ്സുകൾ വീണ്ടും മലിനമാക്കുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ? | (ബി) | ജലസ്രോതസ്സുകൾ പ്രയോജനപ്പെടുത്തി നിലനിന്നിരുന്ന കാർഷിക വ്യവസ്ഥയും അനുബന്ധ തൊഴിലുകളായ കന്നുകാലി വളർത്തൽ, മത്സ്യ കൃഷി, തുടങ്ങിയവയിൽ വന്ന മാറ്റമാണ് ജലസ്രോതസ്സുകൾ ശുചിയാക്കി അധിക കാലം കഴിയും മുമ്പേ അവ വീണ്ടും മലിനപ്പെടാൻ പ്രധാന കാരണം. ഇതോടൊപ്പം, നഗര വൽക്കരണം, ഭക്ഷണ സ്വഭാവത്തിൽ വന്ന മാറ്റം എന്നിവയും ജലസ്രോതസ്സുകൾ മലിനമാകുന്നതിന് ആക്കം കൂട്ടുന്നു. ഇത് കണക്കിലെടുത്ത് കാട്ടാക്കട നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന "ജലസമൃദ്ധി" പദ്ധതിയുടെ ഭാഗമായി പുന:രുദ്ധരിച്ച കുളങ്ങൾ/ ജലസ്രോതസ്സ കൾ എന്നിവ മത്സ്യ കൃഷി, ബണ്ടുകളിൽ പുൽവളർത്തൽ എന്നിവയിലൂടെ, വീണ്ടും മലിനമാകുന്നത് ഒരു പരിധിവരെ നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്. ഈ മാതൃക സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കുന്ന തിനുള്ള പ്രചാരണ പ്രവർത്തനങ്ങൾ ഹരിതകേരളം മിഷന്റെ ഭാഗമായി നടത്തി വരുന്നു. കില- മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടത്തുന്ന പരിശീലനങ്ങളുടെ ഭാഗമായും മേൽ പറഞ്ഞിട്ടുള്ള ആശയങ്ങളും മാതൃകകളും പ്രചരിപ്പിക്കാറുണ്ട്. ഹരിതകേരളം മിഷനുമായി സഹകരിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി പുനരുജ്ജീവിപ്പിച്ച ജലസ്രോതസ്സുകളുടെ പാർശ്വ സംരക്ഷണം, ജലസംഭരണം മുതലായവയ്ക്കാവശ്യമായ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. ഖര - ദ്രവ മാലിന്യ പരിപാലനത്തിനുള്ള സ്ഥിരം സംവിധാന ങ്ങൾ |

| | | | |
|---|---|---|---|
| | | | തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളുടെ നേതൃത്വത്തിൽ ഏർപ്പെടുത്തുക വഴി മാലിന്യ നിക്ഷേപം കുറയ്ക്കുന്നതിനുള്ള ഇടപെടലുകളും നടത്തിയിട്ടുണ്ട്. ജല അതോറിറ്റിയുടെ സ്രോതസ്സുകൾക്കു സമീപം മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചും, കമ്പിവേലികൾ കെട്ടിയും നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചും, ജലസംരക്ഷണത്തിനായി പോസ്റ്ററുകൾ പതിപ്പിച്ചും, വൈദ്യുതി വിളക്കുകൾ സ്ഥാപിച്ചും, വീണ്ടും മലിനപ്പെടുന്നത് തടയുവാൻ ശ്രമിക്കുന്നുണ്ട്. ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം 2-ന്റെ കാര്യാലയവുമായി ബന്ധപ്പെട്ട് പുനരുദ്ധീകരിച്ച ജലസ്രോതസ്സുകൾ വീണ്ടും മലിനമാക്കുന്നത് തടയാൻ, മലിനമാക്കുന്ന വർക്കെതിരെ ജലസ്രോതസ്സ് സംരക്ഷണ നിയമപ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തലത്തിൽ നടപടികൾ സ്വീകരിച്ച് കേസ് രജിസ്റ്റർ ചെയ്യുന്നുണ്ട്. റിസർവോയർ, കനാലുകൾ എന്നിവിട ങ്ങളിൽ ജലസ്രോതസ്സ് സംരക്ഷണ നിയമപ്രകാരമുള്ള മുന്നറിയിപ്പ് ബോർഡു കൾ ജനങ്ങളുടെ അറിവിലേക്കായി സ്ഥാപിച്ചിട്ടുണ്ട്. ഭൂജലവകുപ്പ് മുഖേന പ്രധാനമായും ഭൂജലവിതാനം ഉയർത്തുന്നതിനായുള്ള ഭൂജലസംപോഷണ പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

ജലസ്രോതസ്സുകളിന്മേലുള്ള പലവിധ ഇടപെടലുകൾ കാരണം ജലഗുണ നിലവാരത്തിലും ജലസ്രോതസ്സുകളുടെ വിസ്തൃതിയിലും കുറവ് സംഭവിച്ചിട്ടുള്ളതിനാൽ ജലസ്രോതസ്സുകൾ സ്ഥായിയായി സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിയുള്ള സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. മണ്ണ്-ജല സംരക്ഷണത്തിനുള്ള പ്രകൃതിദത്ത യൂണിറ്റായ "നീർത്തടാടിസ്ഥാന"-ത്തിൽ ജലസ്രോതസ്സുകളുടെ പുനഃസ്ഥാപനവും പരിപാലനവും നിർവ്വഹിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ നീർത്തടപ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും, വിവിധ വകുപ്പുകളുടേയും ഏകോപനത്തോടുകൂടി തയ്യാറാക്കിയിട്ടുള്ള നീർത്തടപ്ലാനിൽ റിഡ്ജ്- ടു- വാലി സമീപനത്തോടു കൂടി, സംരക്ഷണം ആവശ്യമായ ജലസ്രോതസ്സുകൾ ചിട്ടപ്പെടുത്തിയിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവ മുഖേന ഇവകൾ പുനഃരുദ്ധരിക്കുന്നതിനോടൊപ്പം സംസ്ഥാന ബജറ്റിലെ ഹരിതകേരളം ശീർഷകത്തിൽ ലഭ്യമാകുന്ന തുക വിനിയോഗിച്ച് ജലസ്രോതസ്സുകൾ ശുചിയാക്കി, സംഭരണശേഷി വർദ്ധിപ്പിക്കുന്ന പ്രവർത്തനം ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ചു വരുന്നു. ഇതിനുപുറമേ ജനപങ്കാളിത്തത്തോടു കൂടി സന്നദ്ധപ്രവർത്തന സ്വഭാവത്തിലും ജലസ്രോതസ്സുകൾ പരിപാലിച്ചു വരുന്നു.

ഹരിത കേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ 25241 കുളങ്ങൾ നവീകരിക്കുകയും 18883 കുളങ്ങൾ പുതിയതായി നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 412 കി.മീ. നീളത്തിൽ പുഴകളും 45736 കി.മീ. നീളത്തിൽ നീർച്ചാലുകളും പുനരുജ്ജീവിപ്പിച്ചു. ഇതുകൂടാതെ 62921 കിണറുകളിൽ റീചാർജ്ജിംഗ് സംവിധാനം എർപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. നീർത്തടാടിസ്ഥാനത്തിൽ നീർത്തട പ്ലാനുകൾ തയ്യാറാക്കി അവയിൽ ഉൾപ്പെട്ട പ്രവൃത്തികൾ മുൻഗണനാക്രമം തീരുമാനിച്ച് നടപ്പിലാക്കുകയും ഇതിൻപ്രകാരം സംസ്ഥാനത്തെ 1034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 1013 ഇടത്തും ഇത്തരം പ്ലാനുകൾ തയ്യാറാക്കി അവയിൽ ഉൾപ്പെട്ട പ്രവൃത്തിയുടെ നിർവഹണം നടത്തിവരുകയും ചെയ്യുന്നു. ഹരിതകേരളം മിഷന്റെ ഭാഗമായി നടപ്പിലാക്കിയ നീർച്ചാലുകളുടെ ശൃംഖല പുനസ്ഥാപിക്കുന്നതിനും നീർച്ചാലുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുമായി 'ഇനി ഞാനൊഴുകട്ടെ' എന്ന പേരിൽ ഒരു ജനകീയ കാമ്പയിൻ സംഘടിപ്പിച്ചിരുന്നു. മുകളിൽ സൂചിപ്പിച്ചതിൽ 10253 കിലോ മീറ്റർ നീർച്ചാലുകൾ പ്രസ്തുത കാമ്പയിന്റെ ഭാഗമായി 3 ഘട്ടങ്ങളായി പുനരുജ്ജീവിപ്പിച്ചതാണ്.

കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള സ്രോതസ്സുകൾ മലിനപ്പെടാതിരിക്കുന്നതിന് പരസ്യബോർഡുകൾ സ്ഥാപിച്ചും വേലി നിർമ്മിച്ചും നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചും മാധ്യമങ്ങൾ വഴി ബോധവൽക്കരണം നടത്തിയും സംരക്ഷിച്ചു വരുന്നു. കുടിവെള്ള സ്രോതസ്സുകൾ മലിനപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശ സ്വയംഭരണ സ്ഥാപനം, റവന്യൂ, മലിനീകരണ നിയന്ത്രണ ബോർഡ് എന്നീ വകുപ്പുകളുടെ ശ്രദ്ധയിൽപ്പെടുത്തി നടപടി സ്വീകരിക്കാറുണ്ട്.

ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം 1-ന്റെ കാര്യാലയവുമായി ബന്ധപ്പെട്ട് മലമ്പുഴ, പോത്തുണ്ടി എന്നീ ഡാമുകളിൽ അതിർത്തി സംരക്ഷണ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. റിസർവോയറുകൾക്ക് സമീപം പൊതുജല ബോധവൽക്കരണം ലക്ഷ്യമാക്കി ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്.

കാരാപ്പുഴ ജലസേചന പദ്ധതി റിസർവോയറിലെ ജലം കൃത്യമായ ഇടവേളകളിൽ കേരള സ്റ്റേറ്റ് മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധന നടത്തി മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

മംഗലം, ചുള്ളിയാർ എന്നീ ഡാമുകളെ പൈലറ്റ് പ്രോജക്ടുകളാക്കി Desiltation നടത്തുന്നതിന് Standard Operation Procedure (SOP) പ്രകാരം മംഗലം ഡാമിൽ പൈലറ്റ് പദ്ധതി നടപ്പിലാക്കുന്നതിനായി DHARTHI DREDGING INFRASTRUCTURE LIMITED എന്ന ഏജൻസിയെ ചുമതലപ്പെടുത്തി പ്രവൃത്തി നടന്നുവരുന്നു.

മലമ്പുഴ, മീങ്കര, വാളയാർ, കാരാപ്പുഴ, പഴശ്ശി എന്നീ ഡാമുകളിൽ മംഗലം ഡാമിൽ ചെയ്യുന്ന ഡീസിൽറ്റേഷൻ മാനദണ്ഡപ്രകാരം പ്രവൃത്തി നിർവ്വഹിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

മീങ്കര, വാളയാർ എന്നീ ഡാമുകളിൽ Turn Key മാതൃകയിൽ ഡീസിൽറ്റേഷൻ നടത്തുവാൻ KEMDEL എന്ന സ്ഥാപനത്തിനും ചുള്ളിയാർ ഡാമിൽ ഡീസിൽറ്റേഷൻ നടത്തുന്നതിന് KIIDC- നും അംഗീകാരം നൽകിയിട്ടുണ്ട്.

ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം 2-ന് കീഴിൽ ജലസ്രോതസ്സുകളുടെ പരിപാലനത്തിനായി എല്ലാവർഷവും വാർഷിക അറ്റകുറ്റപ്പണികൾ നടത്താറുണ്ട്. കൂടാതെ ഡാം പുനരുജ്ജീവന പദ്ധതികളുടെ ഭാഗമായി DRIP -ൽപ്പെടുത്തി World Bank ഫണ്ടുപയോഗിച്ച് പ്രവൃത്തികൾ ചെയ്തുവരുന്നു. കനാലുകളിലൂടെയുള്ള സുഗമമായ നീരൊഴുക്ക് ഉറപ്പാക്കുന്നതിന്റെ ഭാഗമായി ആക്ഷൻ പ്ലാൻ, SDRF എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി കനാലിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കുകയും കോൺക്രീറ്റ് ലൈനിംഗ് നടത്തി പൊട്ടിപ്പൊളിഞ്ഞ ഭാഗങ്ങൾ സംരക്ഷിക്കുകയും ചെയുന്നു. കനാലുകളിലെ മാലിന്യങ്ങൾ ജല വിതരണ സമയത്തു തന്നെ നീക്കം ചെയ്യാറുണ്ട്.

കേരളത്തിൽ ഒഴുകുന്ന 44 പുഴകളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനായി ജലസേചന വകുപ്പിന്റെ കീഴിൽ 44 എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ പുഴയിലും കൈവഴികളിലും അടിഞ്ഞുകൂടിയ എക്കലും ചെളിയും മറ്റു മാലിന്യങ്ങളും നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കുന്നതിലേക്കായി ജില്ലാ ദുരന്ത നിവാരണ സമിതികളുമായി കോ-ഓർഡിനേറ്റ് ചെയ്ത് തൊഴിലുറപ്പ്, മറ്റു സന്നദ്ധ സംഘടനകൾ, SDMF (State Disaster Management Fund) എന്നിവ മുഖാന്തിരം പഞ്ചായത്തുതലത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു.

ഭൂജലസ്രോതസ്സുകൾ സംരക്ഷിക്കു ന്നതിനും പരിപാലിക്കുന്നതിനും ഭൂജലവകുപ്പ് 'ഭൂജല സംരക്ഷണവും സംപോഷണവും' എന്ന പ്ലാൻ പദ്ധതി നടപ്പിലാക്കി വരുന്നു. സുസ്ഥിര ഭൂജല ലഭ്യത കൈവരിയ്ക്കുക എന്നതാണ് പ്രസ്തുത പദ്ധതിയുടെ പ്രധാന ലക്ഷ്യം. തുറന്ന കിണർ / റീചാർജ്ജ് പിറ്റ് / കുഴൽക്കിണർ വഴിയുള്ള ഭൂജല സംപോഷണം, മൈക്രോ വാട്ടർ ഷെഡ്

അടിസ്ഥാനത്തിൽ ചെറിയ തടയണകൾ, അടിയണകൾ എന്നിവയുടെ നിർമ്മാണം, ചെറിയ കുളങ്ങളുടെ പുനരുജ്ജീവനം (0.1 ഹെക്ടറിൽ താഴെയുള്ളത്) എന്നിവ പ്രസ്തുത പദ്ധതിയിൽ കീഴിൽ നടപ്പിലാക്കി വരുന്നു. കൂടാതെ ഭൂജല സംരക്ഷണത്തിനെക്കുറിച്ചുള്ള അവബോധ ക്ലാസ്സുകൾ ജന പ്രതിനിധികൾക്കും, പൊതു ജനങ്ങൾക്കും, വിദ്യാർത്ഥികൾക്കും ഉദ്യോഗസ്ഥർക്കുമായി 'ഭൂജലത്തിന്റെ നിയന്ത്രണവും ക്രമീകരണവും' പദ്ധതിയിൻ കീഴിൽ ഭൂജലവകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.

ജലനിധി പദ്ധതികളുടെ സ്രോതസ്സുകളുടെ സുസ്ഥിരത ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ KRWSA നടപ്പാക്കുന്നുണ്ട്. ജല സംരക്ഷണത്തിനായി ജലനിധി കിണറുകളിൽ റീചാർജ്ജ്, തടയണകൾ (ചെറുതും വലുതും), ഭൂമിയുടെ അടിയിലുള്ള തടയണകൾ, VCB (Vented Cross Bar), മണ്ണ് ഭിത്തി സംരക്ഷണം, മഴക്കുഴികൾ എന്നിവ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ കുടിവെള്ള സ്രോതസ്സുകളുടെ സുസ്ഥിരത ഉറപ്പാക്കാൻ സഹായിച്ചിട്ടുണ്ട്.

ചീഫ് എഞ്ചിനീയർ കുട്ടനാട് പാക്കേജ് & ഇൻലാന്റ് നാവിഗേഷന്റെ പരിധിയിൽ ജലസ്രോതസ്സുകളുടെ സംരക്ഷണവും പരിപാലനവും ഉറപ്പ് വരുത്തുന്നതിനായി പ്ലാൻ പദ്ധതി എസ്.ഡി.ആർ.എഫ്, നബാർഡ് എന്നിവയിലുൾപ്പെടുത്തി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.